FRIDAY 14.07.2023 വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/07/2023.

1. കേരളത്തിൽ നിന്നും മൂന്നുവർഷംകൊണ്ട് പേ വിഷബാധ നിർമാർജനം ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് സർക്കാർതലത്തിൽ നടപ്പിലാക്കുന്നതെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചു റാണി പറഞ്ഞു. മുളന്തുരുത്തിയിൽ പ്രവർത്തനമാരംഭിച്ച അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രത്തിന്റെ ( എ ബി സി ) ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. പ്രതിരോധനടപടികൾ എത്രയും വേഗത്തിലാക്കാൻ ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏജൻസിയുമായി സർക്കാർ കരാർ ഏർപ്പെട്ടിട്ടുണ്ട്. ഈ ഏജൻസിയുടെ നേതൃത്വത്തിൽ മൂന്നുവർഷംകൊണ്ട് മുഴുവൻ തെരുവ് നായ്ക്കൾക്കും വാക്സിൻ ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

2. കേരള കാർഷിക കോളേജിൽ ഉല്പാദിപ്പിച്ച അത്യുല്പാദന ശേഷിയുള്ള രോഗ കീട പ്രതിരോധ ശേഷിയുള്ള നാടൻ തെങ്ങിനമായ **കുറ്റ്യാടിയുടെ തെങ്ങിൻ തൈകൾ** വിളപ്പിൽ കൃഷിഭവനിൽ ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് 0471 2286022 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

3. വാമനപുരം കൃഷിഭവനിൽ ഗുണമേന്മയുള്ള WCT തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ള കർഷകർ 2023-24 വർഷത്തെ കരമടച്ച രസീതുമായി കൃഷിഭവനിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470148 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 4 വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) 45 - 50 ദിവസം പ്രായമായ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറാ യിട്ടുണ്ട്. ആവശ്യമുള്ളവർ 9495000915, 9495000923 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24, 25 (ജൂലൈ 24,25) തീയതികളിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0471-2732918 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഇന്ന് (14.07.2023) **പച്ചക്കറി കൃഷിയും രോഗകീട നിയന്ത്രണവും** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ജൂലൈ 18 മുതൽ 22 വരെ "ശാസ്ത്രീയമായ പശു പരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ ജൂലൈ 15ന് 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പോത്ത് വളർത്തൽ എന്ന വിഷയത്തിൽ ഇന്ന് (14/07/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

10. തൃശൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വിളപരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, സസ്യ സംരക്ഷണമുറകൾ തുടങ്ങിയ വിഷയങ്ങളിൽ ഈ മാസം 18 ന് (18/07/2023) പരിശീലനപരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്ക് 9400483754 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

11. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈമാസം 19, 20 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിലും 25, 26 തീയതികളിൽ കറവപ്പശു പരിപാലനം എന്ന വിഷയത്തിലും പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04892-234323 എന്ന നമ്പറിൽ വിളിച്ചോ 9188522706 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

12. റബ്ബർപാലിന്റെ ഉണക്കറബ്ബർ (ഡി.ആർ.സി.) നിർണയം, കുടിവെള്ളത്തിന്റെ ഗുണമേന്മാപരിശോധന, ജൈവ-രാസവളങ്ങളുടെ പരിശോധന, വിപണനത്തിനുള്ളള റബ്ബറിന്റെ ഗുണമേന്മാപരിശോധന തുടങ്ങി റബ്ബർബോർഡിന്റെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി നൽകുന്ന സേവനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2023 ജൂലൈ 14ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ ചുമതല വഹിക്കുന്ന സീനിയർ സയന്റിസ്റ്റ് മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

13. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 18 മുതൽ 22 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.